## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5381** **21-03-2025 - ൽ മറുപടിയ്ക്ക്**

## സിൽവർ ലൈൻ പദ്ധതി പി.പി.പി. മോഡലിൽ നടപ്പാക്കുന്നത് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കേരള സർക്കാർ നിർദ്ദിഷ്ട തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയുടെ നിർമ്മാണ നടപടികളുമായി മുന്നോട്ടുപോകാൻ ഉദ്ദേശിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ തുടർ നടപടികൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (എ) | സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിൽ അവലോകന ഘട്ടത്തിലാണ്. ഡി.പി.ആർ അവലോകനത്തിന്റെ ഭാഗമായി റെയിൽവേ മന്ത്രാലയം അധിക വിവരങ്ങൾക്ക് ആവശ്യപ്പെടുകയും ആയതിനു സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിൽവർലൈൻ പദ്ധതിയുടെ കേന്ദ്രാനുമതി യുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി തലത്തിലുൾപ്പെടെ ഉന്നതതല യോഗങ്ങളും കത്തിടപാടുകളും റെയിൽമന്ത്രാലയവുമായി നടത്തിവരുന്നുണ്ട്. റെയിൽവേയിൽ നിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി ഒരു പി.പി.പി. (പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പ്രോജക്ട്) പദ്ധതിയായി നടപ്പിലാക്കുന്നതിന് സമ്മതമാണെന്ന് കേരള സർക്കാർ ഇതിനോടകം കേന്ദ്രസർക്കാരിനോ റെയിൽവേ അധികൃതർക്കോ കത്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഇല്ല |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ അതിന്റെ ഉടമസ്ഥത എപ്രകാരമായിരിക്കുമെന്ന് വിശദമാക്കാമോ? | (സി) | ഡി.പി.ആർ പ്രകാരം പദ്ധതിയുടെ നടത്തിപ്പ് ഇപ്രകാരമാണ്:<br><br>കേരള സർക്കാരും ഇന്ത്യൻ റെയിൽവേയും തമ്മിലുള്ള സംയുക്ത സംരംഭ കരാറിന്റെ അടിസ്ഥാനത്തിലാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപിതമായത്. സംയുക്ത സംരംഭ കരാറിലെ വ്യവസ്ഥകൾ അനുസരിച്ച്, ഓരോ പ്രോജക്റ്റും ഒരു |

| | | | |
|---|---|---|---|
| | | | കമ്പനിയുടെ രൂപത്തിൽ ഒരു പ്രത്യേക ദൗത്യ വിഭാഗം വഴി നടപ്പിലാക്കേണ്ടതുണ്ട്. അതിനാൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൻറെ ഒരു സബ്സിഡിയറി കമ്പനിയുടെ രൂപത്തിൽ ഒരു പ്രത്യേക ദൗത്യ വിഭാഗം (എസ്പിവി) വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ എസ്.പി.വി വഴി പദ്ധതി നടപ്പിലാക്കുകയും ഇന്ത്യൻ റെയിൽവേയിൽ നിന്ന് പൂർണ്ണമായും സ്വതന്ത്രമായി രണ്ട് സർക്കാരുകൾക്കും വേണ്ടി സിസ്റ്റം പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ